III ഇ.ബി. XII-കേരള നിയമസഭ/VI-4

## പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

## 2007 സെപ്റ്റംബർ 7, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(പ്രതിപക്ഷാംഗങ്ങൾ ബാനറുകളും പ്ളക്കാർഡുകളും പിടിച്ചുകൊണ്ട് അവരവരുടെ സീറ്റുകളിൽ ഇരിക്കുന്നുണ്ടായിരുന്നു.)

### I.ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം (*91,*92&*93) സഭയിൽ ഉന്നയിക്കപ്പെടുകയും *91-ാം നമ്പർ ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രിയും *92-ാം നമ്പർ ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രിയും *93-ാം നമ്പർ ചോദ്യത്തിന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രിയും മറുപടി നൽകുകയും ചെയ്തു.

(നിയമസഭയ്ക്കകത്ത് ബാനറുകൾ പ്രദർശിപ്പിക്കുന്നത് ഓർഡറിലാണോ എന്നുള്ള നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രിയുടെ ചോദ്യത്തിന് നിയമസഭയ്ക്കകത്ത് ബാനറുകൾ പ്രദർശിപ്പിക്കുന്നത് നിരോധിച്ചിട്ടുണ്ടെന്നും

നിരോധിച്ച സാധനങ്ങൾ നിയമസഭയ്ക്കകത്ത് കൊണ്ടുവരരുതെന്നും ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.)

മെർക്കിസ്റ്റൺ ഭൂമി ഇടപാടുമായി ബന്ധപ്പെട്ടുള്ള പ്രശ്നം ഉന്നയിക്കുന്നതിന് ചട്ടം 50 അനുസരിച്ച് ഒരു നോട്ടീസ് ലഭിച്ചിട്ടുണ്ടെന്നും ഇതേ വിഷയം തന്നെ രണ്ട് പ്രാവശ്യം അടിയന്തിരപ്രമേയമായി ഉന്നയിക്കപ്പെട്ടതിനാൽ വീണ്ടും ഉന്നയിക്കേണ്ട ആവശ്യമുണ്ടെന്ന് കരുതുന്നില്ലെന്നും ശ്രീ. കെ. എം. മാണിക്ക് ഇത് സബ്മിഷനായി ഉന്നയിക്കാൻ അവസരം നൽകാമെന്നും ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

തുടർന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ പ്രശ്നത്തെ സംബന്ധിച്ചുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് സംസാരിച്ചു.

സബ്മിഷൻ സമയത്ത് ഈ പ്രശ്നത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞെങ്കിലും പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനു മുൻപിൽവന്ന് മുദ്രാവാക്യം വിളിച്ച് ബഹളമുണ്ടാക്കിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടന്നു.

## II. ശ്രദ്ധക്ഷണിക്കൽ

(പ്രൊഫ. കെ. വി. തോമസ് നോട്ടീസ് നൽകിയ ഒന്നാമത്തെ ശ്രദ്ധക്ഷണിക്കൽ പ്രമേയം ഉന്നയിക്കപ്പെട്ടില്ല.)

സംസ്ഥാനത്ത് ആയൂർവേദ ഡ്രഗ്സ് കൺട്രോൾ വകുപ്പ് രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. പി. ജയരാജൻ ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

## III.റിപ്പോർട്ട് സമർപ്പണം

2007-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബില്ലിനേയും 2007-ലെ ഇടവക അവകാശങ്ങൾ വിലയ്ക്കെടുക്കൽ ബില്ലിനേയും 2007-ലെ അർത്ഥപലിശയും ജൻമിഭോഗവും കരത്തിൽചെലവും (നിർത്തലാക്കൽ) ബില്ലിനേയും 2007-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ബില്ലിനേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളും 2007-ലെ കേരള വനിതാ കമ്മിഷൻ (ഭേദഗതി) ബില്ലിനേയും 2007-ലെ കേരള ആയൂർവേദ ആരോഗ്യകേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ബില്ലിനേയും 2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കുംവേണ്ടിയുള്ള കേരള സംസ്ഥാന കമ്മിഷൻ ബില്ലിനേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളും സമർപ്പിക്കപ്പെട്ടു.

## IV.നിയമനിർമ്മാണകാര്യം

**2007-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും**

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി 2007-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ

അവതരിപ്പിക്കുകയും ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവയ്ക്കുകയും ചെയ്തു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി 2007-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ എന്ന X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ധനകാര്യ വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സംസാരിച്ചു.

2007-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

2007 സെപ്തംബർ മാസം 10-ാം തീയതി വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.46-ന് പിരിഞ്ഞു.